പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6179 — 08.07.2014 ൽ മറുപടിക്ക്

അന്യസംസ്ഥാനങ്ങളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികൾ

ചോദ്യം

ശ്രീ. റ്റി. വി. രാജേഷ്

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അന്യസംസ്ഥാനങ്ങളിൽ പഠിക്കുന്ന മലയാളികളായ എത്രവിദ്യാർത്ഥികൾ മരണപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകുമോ ;

(ബി) അന്യ സംസ്ഥാനങ്ങളിൽ പഠിക്കുന്ന മലയാളികളായ കുട്ടികൾക്കെതിരെയുള്ള പീഡനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതു തടയുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

മറുപടി

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) 7 വിദ്യാർത്ഥികൾ മരണപ്പെട്ടിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മരണപ്പെട്ട വിദ്യാർത്ഥികളുടെ പേര് | മരണപ്പെട്ട സ്ഥലം |
|---|---|
| റിന്റു കോശി (ആലപ്പുഴ) | ബാംഗ്ലൂർ |
| കുഞ്ഞുണ്ണി @പ്രിൻസ് സ്റ്റെൽറ്റ് (ആലപ്പുഴ) | ബാംഗ്ലൂർ |
| അഹമ്മദ് ഇബ്രാഹിം (ചാലക്കുടി) | ബാംഗ്ലൂർ |
| അമൽ ഗോപി (പെരുവന്താനം, ഇടുക്കി) | തിരുപ്പൂർ |
| ദിലീപ് ശങ്കർ (ഇരിങ്ങാലക്കുട) | നാഗ്പൂർ |
| ദീപക് (തളിപ്പറമ്പ്) | സേലം |
| നാലകത്ത് അജ്മൽ (കാപ്പാട്, കണ്ണൂർ) | ബാംഗ്ലൂർ |

(ബി) അന്യസംസ്ഥാനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കെതിരെ അക്രമം നടന്നു എന്ന് ശ്രദ്ധയിൽപ്പെട്ടാൽ ഉടനടി ബന്ധപ്പെട്ട സർക്കാരുമായും വിദ്യാഭ്യാസ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് അടിയന്തിര സഹായം ലഭ്യമാക്കാറുണ്ട്. മാത്രമല്ല ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട മുൻകരുതലിനായി സ്ഥാപനങ്ങൾക്കു നിർദ്ദേശം നൽകാറുമുണ്ട്.

സെക്ഷൻഓഫീസർ